(സി) ഏതെല്ലാം വിഭാഗക്കാരെയാണ് ഇതിന് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ?

തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലെയും എല്ലാ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയും ഇതിന് പരിഗണിക്കുന്ന താണ്.

സ്കൂൾ കെട്ടിട നിർമ്മാണം തടസ്സപ്പെടാതിരിക്കാൻ നടപടി

298 (1664) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവിടെയുള്ള പാഴ്മരങ്ങൾ ഉൾപ്പെടെയുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് വാല്യുവേഷൻ കൂട്ടി നിശ്ചയിക്കുന്നതിനാൽ മരങ്ങൾ ലേലത്തിൽ പോകാതെ കെട്ടിട നിർമ്മാണം തടസ്സപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത സാഹചര്യമുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ജി.യു.പി.എസ്. മഞ്ചവിളാകം, കൊല്ലം ജില്ലയിലെ ജി.എൽ.പി.എസ്. വലിയകുളങ്ങര, പത്തനംതിട്ടയിലെ ജി.എച്ച്.എസ്.എസ്. ചിറ്റാർ, ജി.എച്ച്.എസ്.എസ്. തുമ്പമൺ നോർത്ത്, എറണാകുളം ജില്ലയിലെ ഏഴിക്കര ബഡ്സ് സ്പെഷ്യൽ സ്കൂൾ, തൃശ്ശൂർ ജില്ലയിലെ ജി.എച്ച്.എസ്.എസ്. പെരിങ്ങോട്ടുകര, ജി.എൽ.പി.എസ്. തൊഴപ്പാടം, ജി.യു.പി.എസ്. വല്ലച്ചിറ, ജി.യു.പി.എസ്. മൂർക്കനിക്കര, പാലക്കാട് ജില്ലയിലെ ജി.എച്ച്.എസ്.എസ്. പട്ടാമ്പി, ജി.എച്ച്.എസ്.എസ്. ഷൊർണൂർ, ജി.എച്ച്.എസ്. മുടപ്പല്ലൂർ, മലപ്പുറം ജില്ലയിലെ ജി.വി.എച്ച്.എസ്.എസ്. നെടുവ, പരപ്പനങ്ങാടി, ജി.എച്ച്.എസ്.എസ്. എടപ്പറ്റ, കോഴിക്കോട് ജില്ലയിലെ ജി.എം.യു.പി.എസ് ഫറോക്ക്, വയനാട് ജില്ലയിലെ ജി.എച്ച്.എസ്. കുമ്പാല, ജി.എച്ച്.എസ്. തോൽപ്പെട്ടി, ജി.എച്ച്.എസ്. പെരിക്കല്ലൂർ എന്നീ സ്കൂളുകളിൽ കെട്ടിട നിർമ്മാണം തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മേൽ സാഹചര്യം മറികടക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നിർവ്വഹണം, ബന്ധപ്പെട്ട വിഷയങ്ങളിൽ തീർപ്പുണ്ടാക്കൽ എന്നിവ ത്വരിതപ്പെടുത്തുന്നതിനായി സാമ്പത്തിക അധികാരം ഭരണ വകുപ്പിനും വകുപ്പ് തലവന്മാർക്കും ഏൽപ്പിച്ച് നൽകിക്കൊണ്ട് 7-8-2017-ൽ ജി.ഒ.(പി)നമ്പർ 102/2017/ഫിൻ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ അധികാരങ്ങളിൽ, മരംമുറിച്ചുമാറ്റുന്നത് ഉൾപ്പെടെയുള്ള ചില കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അതാത് തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ഈസ് ഓഫ് ലിവിംഗ് സർവ്വേ

299 (1665) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുകൂല്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ സർക്കാർ സംവിധാനങ്ങൾ പരാജയമാണെന്ന് ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗ്രാമീണ കുടുംബങ്ങൾക്ക് പ്രത്യേക ആനുകൂല്യം നൽകുന്ന കേന്ദ്രപദ്ധതിയുടെ ഭാഗമായുള്ള ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ:- സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ സർവ്വേ നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് മുഖ്യ ചുമതല നൽകി. സർവ്വേ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് തലവന്മാരെ ഉൾപ്പെടുത്തി ഏകോപന സമിതി രൂപീകരിച്ചു. സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ ഗവേണിംഗ് സെല്ലുകൾ രൂപീകരിച്ചു. ജനപ്രതിനിധികൾ, കുടുംബശ്രീ, വാർഡുതല ശുചിത്വ സമിതി മുതലായ

LIBRARY ARCHIVES Kerala Legislative Assembly